## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1376 — 11.08.2017 ൽ മറുപടിയ്ക്ക്

## ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | മറുപടി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) ഓണത്തിന് ഒരു മുറം പച്ചക്കറി എന്ന പദ്ധതി വിശദീകരിക്കുമോ; | എ) ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽ നിന്ന് തന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ച് 'ഓണത്തിന് ഒരു മുറം പച്ചക്കറി' എന്ന പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കുന്നു.<br>ഇതിനായി കൃഷി വകുപ്പിന്റെ പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയ്ക്കായി വിത്തുകൾ, തൈകൾ, തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ എന്നിവ നൽകുന്നു. സംസ്ഥാനത്തെ 63 ലക്ഷം കുടുംബങ്ങൾക്ക് ഈ പദ്ധതിയുടെ ഗുണഫലം ലഭിക്കുന്നതാണ്.<br>വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും 10 രൂപ വില വരുന്ന അഞ്ചിനം പച്ചക്കറി വിത്തുകൾ അടങ്ങിയ 40 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, 45.45 ലക്ഷം പച്ചക്കറി തൈകൾ എന്നിവയുടെ വിതരണം പൂർത്തീകരിച്ചു കഴിഞ്ഞു. വിത്ത് പായ്ക്കറ്റുകൾ വി.എഫ്.പി.സി.കെ. യാണ് നൽകുന്നത്. ഇതിലേയ്ക്കായി 500 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. വിവിധ മാധ്യമങ്ങൾ മുഖേനയും സന്നദ്ധ സംഘടനകൾ മുഖേനയും 17 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളുടെ വിതരണം നടന്നു വരുന്നു. ഇതിനായി 170 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച 37000 ഗ്രോബാഗ് യൂണിറ്റുകൾ വിതരണം പുരോഗമിച്ചു വരുന്നു. ഇതിനു വേണ്ടി 555 ലക്ഷം രൂപ |

വകകൊള്ളിച്ചിരിക്കുന്നു. കൂടാതെ മുൻ വർഷങ്ങളിൽ നൽകിയ 75000 ഗ്രോബാഗ് യൂണിറ്റുകളിൽ വീണ്ടും കൃഷി ചെയ്യാനായി വിത്ത്, തൈകൾ മറ്റ് ഉല്പാദന ഉപാധികൾ എന്നിവയും നൽകുന്നു. ഇതിലേക്കായി 150 ലക്ഷം രൂപയും വകയിരുത്തിയിക്കുന്നു.

ഈ പദ്ധതി നടപ്പിലാക്കുന്നത് വഴി ഓണക്കാലത്ത് ഓരോ വീടുകളിലും സ്വന്തമായി കൃഷി ചെയ്തെടുത്ത പച്ചക്കറി ഉപയോഗിക്കുവാൻ കഴിയും. വി.എഫ്.പി.സി.കെ., ത്രിതല പഞ്ചായത്തുകൾ, ജനപ്രതിനിധികൾ, കാർഷിക കർമസേന, അഗ്രോ-സർവ്വീസ് സെന്റർ സന്നദ്ധ സംഘടനകൾ, മാധ്യമങ്ങൾ, കുടുംബശ്രീ തുടങ്ങിയ എല്ലാവരുടെയും സംയുക്ത സഹകരണത്തോടെ പദ്ധതി നടപ്പിലാക്കുന്നതാണ്.

പദ്ധതിയുടെ പ്രചരണ പരിപാടികളുടെ ചുമതല ഫാം ഇൻഫർമേഷൻ ബ്യൂറോ നിർവ്വഹിക്കുന്നു. ഈ പദ്ധതിയുടെ പ്രചരണാർത്ഥം ഒരു 'സ്ലോഗൻ' തയ്യാറാക്കി. ഇതിനോടൊപ്പം മന്ത്രിമാർ, സെലിബ്രിറ്റീസ്, ജനപ്രതിനിധികൾ എന്നിവരുടെ പ്രസ്താവനകളോടുകൂടിയ ശബ്ദരേഖ ഉള്ളടക്കം ചെയ്ത് റേഡിയോ, എഫ്.എം. റേഡിയോ, റെയിൽവേ ജിംഗിൾസ് മുതലായ മാധ്യമങ്ങൾ വഴി സംപ്രേക്ഷണം ചെയ്ത് പദ്ധതിയ്ക്ക് പ്രചാരണം നൽകിയിട്ടുണ്ട്. കൂടാതെ പ്രമുഖ പത്രമാധ്യമങ്ങൾ വഴിയും വിപുലമായ പ്രചാരണം നൽകിയിട്ടുണ്ട്.

| | |
|---|---|
| ബി) ഇതിനായി പച്ചക്കറി വിത്തുകൾ വിതരണം ചെയ്തു കഴിഞ്ഞിട്ടുണ്ടോ; | ബി) ഉണ്ട് |
| സി) പദ്ധതി നടത്തിപ്പിന് ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; | സി) അഞ്ച് ഇനം പച്ചക്കറി വിത്തുകൾ അടങ്ങുന്ന പാക്കറ്റുകൾ തയ്യാറാക്കിയത് വി.എഫ്.പി.സി.കെ- യാണ്. പച്ചക്കറി തൈകൾ, ഗ്രോബാഗുകൾ എന്നിവ പച്ചക്കറി വികസന പദ്ധതിയിലുള്ള നഴ്സറികൾ, സർക്കാർ ഫാമുകൾ, അഗ്രോസർവ്വീസ് |

സെന്ററുകൾ, കർമ്മസേന എന്നീ ഏജൻസികൾ തയ്യാറാക്കി നൽകുന്നു.

ഡി) കർഷകരിൽ നിന്ന് എത്ര ടൺ പച്ചക്കറി ശേഖരിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നതെന്നും ഇവ ശേഖരിക്കുന്നതിന് ഏതെല്ലാം ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഡി) ഏകദേശം 25000 ത്തോളം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കാനും ഏകദേശം 1 ലക്ഷം ടണ്ണോളം പച്ചക്കറി അധികമായി ഒന്നാം സീസണിൽ ഉത്പാദിപ്പിക്കുവാനും ലക്ഷ്യമിടുന്നു. കൃഷി വകുപ്പിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയുമായി 1500 ലധികം പച്ചക്കറി വിപണികൾ ഈ വരുന്ന ഓണക്കാലത്ത് പ്രവർത്തിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ഇതിനാവശ്യമായി വരുന്ന 6000 ത്തോളം ടൺ പച്ചക്കറികൾ കേരളത്തിലെ കർഷകരിൽ നിന്നും മാർക്കറ്റ് വിലയെക്കാൾ 10 ശതമാനം അധികം നൽകി സംഭരിക്കും. കാന്തല്ലൂർ, വട്ടവട പഞ്ചായത്തുകളിൽ ഉല്പാദിപ്പിക്കുന്ന ശീതകാല പച്ചക്കറികൾ മുഴുവനും സംഭരിക്കുന്നതിനായി ഹോർട്ടികോർപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

Mayal

**സെക്ഷൻ ഓഫീസർ**